# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-26

## ഗവ: യു. പി. സ്കൂൾ പഴയവിടുതി

## ഇടുക്കി ജില്ല



## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിൻറെ പേര് | : ഗവ. യൂ. പി .സ്കൂൾ പഴയവിടുതി |
| സ്ഥാപിത വര്ഷം | :1958 |
| വിലാസം | : രാജാക്കാട് പി. ഓ, പഴയവിടുതി |
| മൊബൈൽ നമ്പർ | : |
| ഹെഡ് മാസ്റ്റർ | : 8547362079 |
| സ്കൂൾ കോഡ് | : 29404 |
| വിദ്യാഭ്യാസ ഉപജില്ല | : അടിമാലി |
| വിദ്യാഭ്യാസ ജില്ല | : തൊടുപുഴ |
| റവന്യൂ ജില്ല | : ഇടുക്കി |
| ബി ആർ സി | : അടിമാലി |
| സി ആർ സി | : പഴയവിടുതി |
| ബ്ലോക്ക് പഞ്ചായത്ത് | : നെടുങ്കണ്ടം |
| ജില്ലാ പഞ്ചായത്ത് | : ഇടുക്കി |
| നിയമസഭാ മണ്ഡലം | : ഉടുമ്പൻചോല |
| ലോക്സഭാ മണ്ഡലം | : ഇടുക്കി താലൂക്ക് ഉടുമ്പൻചോല |
| വില്ലജ് | : രാജാക്കാട് |
| ഇ മെയിൽ | : pzvdygups@gmail.com |

## *ആമുഖം*

നവകേരളമിഷന്റെ ഭാഗമായി ഗവണ്മെന്റ് പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ യജ്ഞം സ്കൂളിൽ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് പഴയവിടുതി ഗവഃ യു പി സ്കൂൾ തയ്യാറാക്കുന്ന മാസ്റ്റർപ്ലാൻ.

പൊതുവിദ്യാഭ്യാസ ഗുണനിലവാരം അന്തർദേശീയ നിലവാരത്തിൽ എത്തിയ്ക്കുക എന്ന ലക്ഷ്യം ആണ് ഇതിന്റെ അന്ത:സത്ത.

## *ചരിത്രം*

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ രാജാക്കാട് ഗ്രാമ പഞ്ചായത്തിലെ ഒരു കാർഷിക ഗ്രാമമാണ് പഴയവിടുതി.1945-50 കാലഘട്ടത്തിൽ GMF പദ്ധതി പ്രകാരം കോട്ടയം എറണാകുളം ജില്ലകളിൽ നിന്നും കുടിയേറ്റ കർഷകർ ഇവിടെയെത്തി. പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്തു ജീവിത സൗകര്യങ്ങൾ കരുപ്പിടിപ്പിച്ച ആദ്യകാല ടൌൺ ആണ് പഴയവിടുതി. അന്ന് വിദ്യാഭ്യാസം തുടങ്ങുന്നതിന് ഒരു കുടിപ്പള്ളിക്കൂടം പോലും ഇല്ലായിരുന്നു. ആളുകളുടെ ശ്രമഫലമായി പഴയവിടുതിയിൽ ഒരു കുടിപ്പള്ളിക്കൂടം 1955 ൽ ആരംഭിച്ചു.

1956 ൽ ശ്രീ കെ.രാഘവൻ സാറിനോട് ഒരു ഏക്കർ സ്ഥലം വാങ്ങി സ്കൂൾ ആരംഭിച്ചു ആദ്യകാല മാനേജർമാർ സർവ്വശ്രീ എം എൻ ദേവസ്യ, കുര്യാക്കോസ്, ചാക്കോ കരിന്തയിൽ എന്നിവരാണ്.1974 ൽ ഈ സ്കൂൾ സർക്കാരിന് സറണ്ടർ ചെയ്യുകയും സർക്കാർ സ്കൂൾ ആയി മാറുകയും ചെയ്തു.

## *ഇപ്പോഴത്തെ അവസ്ഥ*

തലമുറകൾക്ക് അക്ഷരവെളിച്ചം പകർന്ന് ഗ്രാമത്തിന്റെ അക്ഷരജ്യോതിയായി പ്രശോഭിക്കുന്ന ഈ സ്കൂൾ ഇതുവരെ അറിയപ്പെട്ടിരുന്നത് ഹൈറേഞ്ചിന്റെ കാർഷിക വിദ്യാലയം എന്നായിരുന്നു. ഈ സ്കൂൾ ഹൈടെക് സൗകര്യങ്ങൾ കൂടി കൈവരിച്ചിരിക്കുന്നു. ഉയർച്ചയുടെ പടവുകൾ താണ്ടിക്കൊണ്ടിരിക്കുന്ന ഈ സ്കൂളിന്റെ പുരോഗതിക്കായി പ്രവർത്തിക്കാൻ 8 അധ്യാപകരും 2 അനധ്യാപകരും ആണ് ഉള്ളത്. പ്രീ പ്രൈമറി മുതൽ 7 വരെ ക്ലാസുകളിലായി 150 കുട്ടികൾ പഠിക്കുന്നു. പ്രി പ്രൈമറി യിൽ ഒരു അധ്യാപികയും ഒരു ആയയും ജീവനക്കാരായുണ്ട്.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വീടുകളിൽ നിന്നുള്ള കുട്ടികളാണ് ഇവിടെയെത്തുന്നത്.

വിദ്യാലയത്തിൻ്റെ ഗുണനിലവാരം ഉയർത്തി അന്തർദേശീയ നിലവാരത്തിലെത്തിക്കും എന്ന പൊതു വിദ്യാഭ്യാസ യജ്ഞ പ്രഖ്യാപിത ലക്ഷ്യത്തെ മുൻനിർത്തി നമ്മുടെ സ്കൂളും അക്കാദമിക നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങളിൽ ബദ്ധശ്രദ്ധരാവുകയും അതിനാവശ്യം വേണ്ട ഭൗതീക സൗകര്യങ്ങൾ പ്രാദേശിക സമൂഹത്തിൻ്റെയും സർക്കാരിൻ്റെയും പിന്തുണയോടെ ഒരുക്കുവാനും പരിശ്രമിച്ചു കൊണ്ട് ഭൗതികമായും അക്കാദമികപരമായും ഗുണനിലവാരം ഉയർത്തുന്നതിനും ഒരു വികസന പദ്ധതി രൂപീകരിച്ചിരിക്കുന്നു.

അതിനായി നമ്മുടെ ഇന്നത്തെ അവസ്ഥയെ വസ്തുനിഷ്ഠമായി വിലയിരുത്തുകയും തനതായ മെച്ചപ്പെടുത്തൽ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിരിക്കുന്നു നമ്മുടെ സ്കൂളിൽ ഈ പഞ്ചായത്തിലെ ആദ്യവിദ്യാലയം ആയിരുന്നെങ്കിലും ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ ഗവൺമെൻ്റ്, എയ്ഡഡ്, ഇംഗ്ലീഷ് മീഡിയം തുടങ്ങി വിവിധ സ്കൂളുകൾ സ്ഥാപിതമായതോടെയും വാഹന സൗകര്യം വർദ്ധിച്ചതോടെയും ഹൈസ്കൂൾ വിദ്യാഭ്യാസം നേടാൻ മറ്റു സ്കൂളുകളിലേക്ക് പോകേണ്ടി വന്നതുകൊണ്ടും നമ്മുടെ സ്കൂളിലെ കുട്ടികളുടെ എണ്ണം ക്രമേണ കുറഞ്ഞു വന്നു

കൃഷിയെ ഒരു സംസ്കാരമായി കാണുന്ന ഒരു കൂട്ടം അധ്യാപകരുടെയും കുട്ടികളുടെയും ശ്രമഫലമായി വർഷങ്ങളായി ജൈവവൈവിധ്യ പാർക്കും, ജൈവ പച്ചക്കറി തോട്ടവും, ഫലവൃക്ഷത്തോട്ടവും ഇവിടെ സംരക്ഷിച്ചു പോരുന്നു. സ്കൂളിനെ ഹരിതാഭമാക്കുന്നത് നക്ഷത്രവനം, ഔഷധോദ്യാനം, ജലജീവികളും ജലസസ്യങ്ങളും ഉൾപ്പെട്ട ചെറിയ കുളം, ഹരിത പാതകൾ, പച്ചപ്പന്തലുകൾ: ഹരിത ഇടനാഴികൾ, ഉദ്യാനം, വിശ്രമസ്ഥലങ്ങൾ പഠന മരത്തണലുകൾ ഇവയെല്ലാം കൊണ്ടാണ്. പച്ചക്കറികളാൽ സ്കൂളും പരിസരവും അലങ്കരിച്ചിരിക്കുന്നത് ക ണ്ണിനു കുളിർമ പകരുന്ന കാഴ്ചയാണ്. ഹൈറേഞ്ചിൻ്റെ കാർഷിക വിദ്യാലയമെന്ന പേര് ഈ സ്കൂളിന് നേടിത്തന്നത് ജൈവപച്ചക്കറി തോട്ടങ്ങൾ തന്നെയാണ്. ഈ സ്കൂളിൻ്റെ യശസ്സുയർത്തി തന്നതും അനവധി അവാർഡുകൾ സമ്മാനിച്ചതും ജൈവകൃഷിയിടമാണ്. പി. ടി. എ. യുടെ കൂടി സജീവ പ്രവർത്തനങ്ങളുടെ അംഗീകാരമായി ധാരാളം അവാർഡുകൾ ഈ സ്കൂളിനെ തേടിയെത്തി.

1. 2015-16 ൽ കൃഷി വകുപ്പിൻ്റെ ഇടുക്കി ജില്ലയിലെ ഏറ്റവും മികച്ച പൊതു സ്ഥാപനത്തിനുള്ള അവാർഡ് (ഒന്നാം സ്ഥാനം)
2. 2015-16 ൽ മാതൃഭൂമി സീഡിൻ്റെ തൊടുപുഴ വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും മികച്ച സ്കൂൾ ( ഒന്നാം സ്ഥാനം)
3. 2015-16 ൽ ഗവ.സ്കൂൾ ടീച്ചേഴ്സ് യൂണിയൻ്റെ ഇടുക്കി ജില്ലയിലെ ഏറ്റവും മികച്ച ജൈവ പച്ചക്കറി തോട്ടത്തിനുള്ള അവാർഡ് (ഒന്നാം സ്ഥാനം)

4. 2015-16 ൽ പഞ്ചായത്തിലെ ഏറ്റവും മികച്ച കുട്ടി കർഷകനായി തിരഞ്ഞെടുത്തത് ഈ സ്കൂളിലെ സൗരവ് സണ്ണിയെയാണ്.
5. 2014-15 ൽ കൃഷി വകുപ്പിൻ്റെ ഇടുക്കി ജില്ലയിലെ ഏറ്റവും മികച്ച രണ്ടാമത്തെ പൊതു സ്ഥാപനം '
6. 2014-15 ൽ മാതൃഭൂമി സീഡിൻ്റെ തൊടുപുഴ വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും മികച്ച സ്കൂൾ
7. 2016-17ൽ കൃഷി വകുപ്പിൻ്റെ ഇടുക്കി ജില്ലയിലെ ഏറ്റവും മികച്ച രണ്ടാമത്തെ പൊതു സ്ഥാപനം
8. 2016-17ൽ മാതൃഭൂമി സീഡിൻ്റെ തൊടുപുഴ വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും മികച്ച സീഡ് കോഡിനേറ്റർ ഒന്നാം സ്ഥാനം.
9. 2016-17 അടിമാലി സബ് ജില്ലയിലെ ഏറ്റവും മികച്ച പി.ടി.എ (ഒന്നാം സ്ഥാനം)
10. 2016-17 ഇടുക്കി ജില്ലയിലെ ഏറ്റവും മികച്ച പി.ടി.എ
11. 2016 -17 SS A യുടെ പഠിപ്പും വെടിപ്പും അംഗീകാരം
12. 2016-17 മനോരമ നല്ല പാഠം ജില്ലാതലത്തിൽ A+ നേടിയ സ്കൂൾ
13. 2017-18 അടിമാലി സബ്ജില്ലയിലെ മികച്ച പി.ടി.എ ക്കുള്ള ഒന്നാം സ്ഥാനം.
14. 2017-18 ഇടുക്കി റവന്യു ജില്ലാതലത്തിൽ മികച്ച പി.ടി.എയ്ക്കുള്ള രണ്ടാം സ്ഥാനം.
15. 2024 -25 ൽ ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസിന്റെ കൃഷി സംഭാവനയ്ക്കുള്ള ആദരം

ഈ അവാർഡുകളെല്ലാം ഈ സ്കൂളിൻ്റെ പ്രശസ്തി വാനോളം ഉയർത്തിയിട്ടുണ്ട്. അക്കാദമിക മികവു കൈവരിക്കുന്നതിനുള്ള പ്രധാന ഘടകമാണ് ഭൗതികസാഹചര്യം. സുരക്ഷിതമായ പരിസരം അനുരൂപീകരിക്കപ്പെട്ട ഭൗതികസൗകര്യം, ജലസംരക്ഷണ വിതരണ സംവിധാനങ്ങൾ, പോഷകാഹാര വിതരണം, ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കള , ആധുനിക സാങ്കേതിക അധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ് മുറികൾ , സ്മാർട്ട് ക്ലാസ് മുറികൾ , ഒന്നു മുതൽ ഏഴുവരെ ക്ലാസിലെ കുട്ടികൾക്ക് ഐടി പരിശീലനം, അതിനാവശ്യമായ കമ്പ്യൂട്ടറുകൾ, വിവിധോദ്ദേശ്യ ഹാളുകൾ (പൊതുസമ്മേളനം, അസംബ്ലി പ്രദർശനങ്ങൾ, കായികപരിശീലനം, കലാപരിശീലനം, ചെറുമത്സരങ്ങൾ എന്നിവ നടത്തുന്നതിനാവശ്യമായ) അക്കാദമിക നിലവാരം പ്രതിഫലിപ്പിക്കുന്ന ഓഫീസ് റൂം, റിസോഴ്സ് റൂം എന്ന നിലയിലുള്ള സ്റ്റാഫ് റൂം, കായിക വിദ്യാഭ്യാസത്തിന് ആവശ്യമായ വിശാലമായ മൈതാനം, സ്കൂൾ വാഹന സൗകര്യം ഇവയെല്ലാം നമ്മുടെ സ്കൂളിൻ്റെ ഭൗതീക സൗകാര്യങ്ങളെ വിളിച്ചോതുന്നവയാണ്. പുതുതായി ബജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് ബഹു. ഉടുമ്പൻചോല MLA ശ്രീ എം. എം. മണി അനുവദിച്ച ഒരുകോടി രൂപയുടെ ആധുനിക സൗകര്യങ്ങളോടു

കൂടിയ കെട്ടിടം നിർമാണം പൂർത്തിയാകുന്നതോടെ സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾക്ക് പുതിയൊരു മാനം കൈവരുമെന്ന പ്രതീക്ഷയിലാണ് സ്കൂൾ.

## *പ്രഗൽഭ വ്യക്തികൾ*

രാഷ്ട്രീയ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകം വ്യക്തികളെ വാർത്തെടുക്കുവാൻ ഈ സ്കൂളിന് സാധിച്ചിട്ടുണ്ട് ജീവിതത്തിൻറെ നാനാ തുറകളിൽ സേവനം അനുഷ്ഠിച്ചവരും സേവനം അനിഷ്ഠിച്ചു കൊണ്ടിരിക്കുന്നവരും ആയ വ്യക്തികളും ധാരാളം ഉണ്ട് അതിൽ പ്രമുഖരാണ് ദേശീയ സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് ശ്രീ മോഹൻദാസ് മാഷ് ദേശീയ ഗെയിംസ് സ്വർണമെഡൽ ജേതാവ് കെ എസ് ബിജിമോൾ തുടങ്ങിയവർ

## *പരിമിതികൾ*

വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വതന്ത്രവും ശിശു സൗഹൃദപരവുമായ അന്തരീക്ഷം ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ ശുചിത്വ സംവിധാനങ്ങൾ എന്നിവ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി നമ്മുടെ വിദ്യാലയം ഉപയോഗിക്കുന്നു എന്നിരുന്നാലും സ്കൂളിന് സുന്ദരവും ആകർഷവുമായ പരിസരം ഉണ്ടെങ്കിലും ഫലപ്രദമായ ചുറ്റുമതിൽ പൂർണമായി ഇല്ലാത്തത് സുരക്ഷിതത്വത്തെ കാര്യമായി തന്നെ ബാധിക്കുന്നുണ്ട് കായികരംഗത്ത് അനേക വർഷങ്ങളായി മികച്ച നേട്ടങ്ങൾ കൈവരിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ സ്കൂളിന് വ്യത്യസ്ത ഗെയിമുകൾ നടത്തുന്നതിന് ആവശ്യമായ കോർട്ടുകളുടെ അഭാവം എടുത്തു പറയേണ്ട ഒരു പരിമിതി തന്നെയാണ് ആവശ്യമായ ക്ലാസ് മുറികൾ ഉണ്ടെങ്കിലും ഇനിയും സ്മാർട്ട് റൂം ആക്കേണ്ട റൂമുകൾ ബാക്കിനിൽക്കുന്നു. ഇതുപോലെ കുട്ടികളുടെ സാധനസാമഗ്രികൾ വെക്കുന്നതിന് ആവശ്യമായ ഫർണിച്ചറുകളുടെ കുറവും നിലനിൽക്കുന്നു.
അന്വേഷണാത്മക പഠന രീതിയിൽ സ്കൂൾ വായനശാലയുടെ പങ്ക് അതിനിർണായകമാണ് ഒരു ലൈബ്രറി ഉണ്ടെങ്കിലും ഒന്നു മുതൽ ഏഴ് വരെ കുട്ടികളുടെ നിലവാരത്തിന് അനുസരിച്ചുള്ള പുസ്തകങ്ങൾ ഇനിയും വേണ്ടിയിരിക്കുന്നു.

പാഠ്യപദ്ധതി വിനിമയത്തിന് സഹായകരമായ വിഭവങ്ങൾ സമാഹരിച്ച് വയ്ക്കുന്നതിന് ക്ലാസിൽ സൗകര്യങ്ങൾ ഇല്ല സംസ്ഥാനമാനദണ്ഡങ്ങൾക്ക് അനുസൃതമായി എല്ലാവിധ സംവിധാനങ്ങളോടും കൂടിയ കമ്പ്യൂട്ടർലാബ് ഇല്ല ആധുനിക സൗകര്യങ്ങളോടുകൂടിയ കമ്പ്യൂട്ടർലാബ്, ലൈബ്രറി നമുക്ക് ആവശ്യമാണ് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉണ്ടെങ്കിലും പഠനബോധന പ്രക്രിയയിൽ ഇവ ശരിയായി ഉപയോഗിക്കുന്നതിന് ആവശ്യമായ ഹൈടെക് ക്ലാസ് മുറികളുടെ അഭാവവും നിലനിൽക്കുന്നു സ്കൂളിലെ ജൈവകൃഷിയിടത്തിൽ നിന്നുള്ള പച്ചക്കറി ഉപയോഗിച്ചുള്ള വിഭവസമൃദ്ധമായ ഭക്ഷണമാണ് നൽകുന്നതെങ്കിലും ഇരുന്നു കഴിക്കുന്നതിനുള്ള ഡൈനിങ് ഹാളിന്റെ അഭാവവും ഒരു പരിമിതിയാണ്.

പിടിഎ കമ്മിറ്റി

ഹെഡ്മാസ്റ്റർ ശ്രീ ആസാദ് എ. എസ്.
സുരേഷ് യു എസ്, പ്രസിഡൻറ്
സുരേഷ് യു എസ്
ലിന്റ ഷാജി
ജിജോ
ഷൈജു

ഷിബു മാത്യു
ഷൈജു
ലിജു
ഉഷാദ്
അപർണ രാജൻ
ബിമലു
ജിപ്സി
സിജി ജയ്മോൻ
ഷൈനി ജയ്മോൻ

എം പി ടി എ പ്രസിഡൻറ് : ശ്രീമതി ലിന്റ  ഷാജി

## അധ്യാപക പ്രതിനിധികൾ

ശ്രീ ജോഷി തോമസ്, സീനിയർ അസിസ്റ്റൻറ്
ഷിബു കെ വി, സ്റ്റാഫ് സെക്രട്ടറി
ശ്രീ ബിബിൻ ജോർജ്, LPSA
ശ്രീമതി ജോളി ജോൺ, P D Teacher
ശ്രീമതി സുമിത സി. എസ്. LPSA
ശ്രീമതി അർച്ചന സുകുമാരൻ LPSA
വിഷ്ണുജ മോഹൻ,  ജൂനിയർ ഹിന്ദി

**Office Staff**
Sri Ajith K S, OA
Sri Thankachan K J, PTCM

## അക്കാദമിക് മാസ്റ്റർ പ്ലാൻ ലക്ഷ്യങ്ങൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക

ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണക്കാക്കി അവരുടെ വിവിധ മേഖലകളിൽ ഉള്ള വികസനം വികസനം കരിക്കുലവും പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക

അക്കാദമിക് കാര്യങ്ങളിൽ പൂർണ്ണത നേടാൻ എന്തെല്ലാം ചെയ്യണമെന്നുള്ളത് കൃത്യമായി ആസൂത്രണം ചെയ്യുക

വ്യക്തമായ ആസൂത്രണത്തിലൂടെ കുട്ടികളുടെ പൊതുവായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളുടെയും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുക

ഇങ്ങനെ ഈ സ്കൂളിലെ മുഴുവൻ കുട്ടികളുടെയും മാനസികവും ബുദ്ധിപരവുമായ എല്ലാ കഴിവുകളും വികസിപ്പിച് അക്കാദമിക് വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുക

ഈ വിദ്യാലയത്തെ ക്രിയാത്മകമായ ഗുണമേന്മയുള്ളത് ആക്കുക

ഓരോ വിദ്യാർത്ഥിയുടെയും കഴിവുകളെ അതിൻറെ പരമോന്നതിയിൽ എത്തിക്കുക എന്നതാണ് ഈ മാസ്റ്റർ പദ്ധതിയുടെ സാരം.

## വിഷൻ 2026

സ്കൂളിൻറെ രണ്ടര ഏക്കർ സ്ഥലം ഇപ്പോൾ പല ഉയരങ്ങളിൽ തട്ടുതട്ടായി കിടക്കുന്നതും ഈ സ്ഥലം ഒരുമിച്ചു ഉപയോഗിക്കുന്നതിന് വിഘാതമായ രീതിയിൽ അവിടെയായി സ്ഥാപിച്ച കെട്ടിടങ്ങൾ തടസ്സമായി നിലകൊള്ളുന്ന രീതിയിലാണ് എന്നാൽ ഈ സ്ഥലം മുഴുവനും ഒരുപോലെ നിരത്തിയശേഷം കയ്യേറ്റങ്ങൾ തടയുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി പൂർണമായും കോമ്പൗണ്ട് വാൾ നിശ്ചിത ഉയരത്തിൽ കെട്ടി അതിനു മുകളിലേക്ക് ചെറിയ ഉയരത്തിൽ വല, മുള്ള് കമ്പി എന്നിവ ഉപയോഗിച്ച് സുരക്ഷിതമാകണം ഈ കോമ്പൗണ്ട് വാളിന്റെ ഡിസൈൻ പെയിന്റിംഗ് എന്നിവ വിവിധ വിഷയങ്ങളുടെ ഒരു വായന സമഗ്രി ആക്കി മാറ്റണം മുൻവശം ബലവത്തായ ഗേറ്റ് സ്ഥാപിച്ച റോഡ് ടാർ ചെയ്യണം റോഡിൻറെ വശങ്ങളിൽ നിശ്ചിത പ്രദേശം പുൽത്തകടിക്കും പൂന്തോട്ടത്തിനുമായി മാറ്റിവയ്ക്കുകയും ഇടവിട്ട് സുരക്ഷിതമായ തണൽ മരങ്ങൾ വെച്ച് ചുറ്റും കെട്ടി തിരിച്ച് ഇരിപ്പിടങ്ങൾ ഉണ്ടാക്കി തുറന്ന പഠന സ്ഥലങ്ങൾ ആക്കി മാറ്റണം. കോമ്പൗണ്ടിന് ചുറ്റും തെരഞ്ഞെടുത്ത മരങ്ങൾ

നിശ്ചിത അകലങ്ങളിൽ നട്ട് ക്യാമ്പസിനെ തണലണിയിക്കുകയും സുന്ദരമാക്കുകയും വേണം സ്ഥലത്തിൻറെ മധ്യഭാഗം പ്രത്യേക ആകൃതിയിൽ കായിക ആവശ്യങ്ങൾക്ക് ഉതകുന്ന രീതിയിൽ സ്റ്റേഡിയം ആക്കി വികസിപ്പിക്കുകയും ചുറ്റും തണൽ മരങ്ങളും ഇരിപ്പിടങ്ങളും ക്രമീകരിക്കുകയും ട്രാക്കുകൾ സിന്തറ്റിക് രീതിയിൽ നിർമ്മിക്കുകയും ഈ സ്റ്റേഡിയത്തെ ഏതുതരം ഗെയിമുകൾക്കും അനുയോജ്യമായ രീതിയിൽ പെട്ടെന്ന് സ്ക്രൂ ചെയ്തു പിടിപ്പിക്കാവുന്ന വിധം ക്രമീകരണങ്ങൾ ഉണ്ടാക്കി ഫ്ലക്സിബിൾ സ്റ്റേഡിയം ആക്കി വികസിപ്പിക്കണം എല്ലാ കായിക പരിശീലനങ്ങൾക്കും ഗെയിമുകൾക്കും ആവശ്യമായ ഉപകരണങ്ങളും വസ്ത്രങ്ങളും കുട്ടികൾക്ക് ലഭ്യമാക്കണം നീന്തൽ കുളം ഉണ്ടായിരിക്കണം മഴവെള്ളം ശേഖരിക്കാൻ സംവിധാനം ഉണ്ടാകണം.

കെട്ടിടങ്ങൾ ബഹുനിലകളാക്കി സ്ഥലത്തിന്റെ ഒരു അതിര് തീർത്ത് നിർമിക്കണം ഇതിൽ ഒരു നില മനോഹരമായ ഒരു ഹാൾ ആയിരിക്കണം സ്റ്റേജും മികച്ച ശബ്ദനിയന്ത്രണ സംവിധാനങ്ങളും ഉള്ള ഒരു തീയേറ്റർ പോലെ മനോഹരമാക്കിയ ഈ ഹാൾ വിദ്യാലയത്തിന്റെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിന് കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കി ഇരിപ്പിടങ്ങൾ ക്രമീകരിക്കണം

ക്ലാസ് മുറികൾ വിശാലവും എല്ലാ ഹൈടെക് സംവിധാനങ്ങൾക്കും വഴങ്ങുന്നതും ആവണം. കെട്ടിടങ്ങൾ വായു സഞ്ചാരത്തിനും നാച്ചുറൽ ലൈറ്റിനും പ്രത്യേകം ഡിസൈൻ ചെയ്തവ ആയിരിക്കണം എല്ലാ ലൈറ്റുകളും നിർമ്മിതികളും ഊർജ്ജ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നവയാകണം കെട്ടിടങ്ങളുടെ ഡിസൈനിംഗ് മനോഹരവും ആധുനികവും ആയിരിക്കണം

ഉല്ലാസത്തിനും എന്നാൽ വിജ്ഞാനപ്രദവുമായ രീതിയിൽ ക്രമീകരിച്ച പാർക്കുകളും ഉപകരണങ്ങളും വേണം പഠന പ്രക്രിയയുടെ പൂർത്തീകരണമായി വേണം പാർക്കിലെ നിർമ്മിതികൾ വിഭാവനം ചെയ്യേണ്ടത്.

മണ്ണ് ജലം വായു സംരക്ഷണത്തിനും പ്രാധാന്യം നൽകിക്കൊണ്ട് വേണം സ്കൂളിൻറെ സാധ്യമായ എല്ലാ സ്ഥലങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ മാലിന്യ സംസ്കരണത്തിനുള്ള എല്ലാ ആധുനിക സംവിധാനങ്ങളും ക്രമപ്പെടുത്തേണ്ടതുമാണ് മഴവെള്ളം ശേഖരിച്ച് കിണർ റീചാർജിങ് ജലസേചനം നീന്തൽകുളം എന്നിവയ്ക്ക് ഉപയോഗപ്പെടുത്തണം സ്കൂളിന് ഉച്ചഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികളും മറ്റും ഉൽപ്പാദിപ്പിക്കുന്നതിന് ഹൈടെക് കൃഷിയിടങ്ങൾ സ്ഥാപിക്കണം മഴമറ പോലുള്ളവ സ്ഥാപിച്ച് ഹൈടെക് ജലവിതരണ സംവിധാനങ്ങൾ സ്ഥാപിച്ച് വെള്ളം പാഴാക്കുന്നത് തടയണം പൂർണ്ണമായും ജൈവരീതിയിൽ കൃഷി ചെയ്യുകയും ഇത് കുട്ടികൾക്കും സമൂഹത്തിനും നിരീക്ഷിക്കുന്നതിനും

പരിശീലിപ്പിക്കുന്നതിനും സംവിധാനം ഉണ്ടാവുകയും ചെയ്യണം മാലിന്യ സംസ്കരണത്തിനും ഇത് അനുകരിക്കണം
സ്കൂൾ മുഴുവനും ക്യാമറ നിരീക്ഷണത്തിൽ കൊണ്ടുവരണം വാഹനങ്ങൾ സൈക്കിൾ എന്നിവ പാർക്ക് ചെയ്യുന്നതിന് പ്രത്യേകമായി സ്ഥലങ്ങൾ ഉണ്ടാവണം പഠന ആവശ്യങ്ങൾക്കായി പരാമർശിക്കപ്പെടുന്ന സസ്യലതാദികളെ ഭംഗിയായും ചിട്ടയോടെയും നട്ട് പേരെഴുതി പ്രദർശിപ്പിക്കണം ഇത് സമൂഹത്തിന്റെ കൂടി ഒരു ജൈവ സ്വത്തായി കണ്ട് സംരക്ഷിക്കണം സുരക്ഷിതത്വം ഉറപ്പുവരുത്തി കൊണ്ട് ഒരു കുളം നിർമ്മിച്ച് അതിൽ ജലജീവികളെയും സസ്യങ്ങളെയും വളർത്താം
അടുക്കള ഡൈനിങ് ഹാൾ എന്നിവ വിസ്താരമുള്ളതും ആധുനികവും വൃത്തിയാക്കാൻ എളുപ്പമുള്ളതും ആയ രീതിയിൽ നിർമ്മിക്കണം ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തി കൊണ്ട് വേണം അടുക്കളക്ക് രൂപം കൊടുക്കാൻ .

നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ

വിഭാഗം

| | |
|---|---|
| ക്ലാസ് മുറികൾ | :12 |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലെറ്റ് | : 6 |
| പെൺകുട്ടികൾക്കുള്ള ടോയ്‌ലെറ്റ് | : 6 |
| അഡാപ്റ്റഡ് ടോയ്‌ലറ്റ് | : 1 |
| റാമ്പ് &റെയിൽ | : 2 |
| കിണർ | : 1 |
| കുഴൽക്കിണർ | : 1 |
| ലൈബ്രറി | : 1 |
| സയൻസ് ലാബ് | : 1 |
| കമ്പ്യൂട്ടർ ലാബ് | : 1 |
| സ്കൂൾ ബസ് | : 1 |
| സ്റ്റേജ് & ഹാൾ | : 1 |
| ലാപ്ടോപ്സ് | : 10 |
| പി എ സൗണ്ട് സിസ്റ്റം | : 1 യൂണിറ്റ് |
| പ്രൊജക്ടർ | : 7 |
| ടി വി | : 1 |

## മേഖല യുപി സയൻസ്

ലക്ഷ്യം

ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ സയൻസ് ലക്ഷ്യം ഒന്നുമുതൽ ഏഴുവരെ ക്ലാസിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടം ഉറപ്പിക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കൽ പ്രവർത്തനങ്ങൾ ജൈവവൈവിധ്യ പാർക്ക് സയൻസ് ലാബ് ഉൽപ്പന്ന പ്രദർശനം പഠനയാത്ര നേച്ചർ ക്യാമ്പ് ക്ലാസ് ലൈബ്രറി പരീക്ഷണ ശില്പശാല ശാസ്ത്ര മൂല അലുമിനിയം ഫേബ്രിക്കേഷൻ ഉപയോഗിച്ച് അലമാര ശാസ്ത്രം മൂലയിലേക്ക് ആവശ്യമായ സാധനങ്ങൾ ലിസ്റ്റ് ചെയ്യലും വാങ്ങലും സയൻസ് ലാബിനെ ആധുനികവൽക്കരിക്കുക സയൻസിനാബിൽ ഇനിയും വേണ്ട സാധനങ്ങൾ മൈക്രോസ്കോപ്പുകൾ മുതലായവ ലിസ്റ്റ് ചെയ്യലും വാങ്ങലും സൂക്ഷിക്കാൻ ആവശ്യമായ ഷെൽഫുകൾ വാങ്ങൽ സയൻസലാബിൽ കുട്ടികൾക്ക് സ്വന്തമായി പരീക്ഷണത്തിൽ ഏർപ്പെടുന്നതിന് സഹായകമായ രീതിയിൽ ഫർണിച്ചറുകൾ ക്രമീകരിക്കുക വാഷ്ബേസിനും ജലവിതരണ പൈപ്പുകളും സ്ഥാപിക്കാം എന്നിവ ടൈൽ പകൽ മുറി ആകർഷകമായി പെയിൻറ് ചെയ്യുക എലി പൊടി എന്നിവ ഒഴിവാക്കത്തക്കവിധം മുറി സീലിംഗ് ചെയ്യൽ സയൻസ് ലാബിൽ ലൈറ്റ് ക്രമീകരിക്കൽ മൈക്രോസ്കോപ്പിലൂടെ നോക്കുമ്പോൾ വ്യക്തത കിട്ടത്തക്ക വിധം നല്ല ലൈറ്റിങ് ലൈബ്രറിയിലേക്ക് സയൻസ് മാഗസിനുകളും പുസ്തകങ്ങളും വാങ്ങൽ ശാസ്ത്ര അഭിരുചി വളർത്താൻ ശാസ്ത്ര പരീക്ഷണ കളരികൾ, വിദഗ്ധരെ പങ്കെടുപ്പിച്ച്..

ആണി അടിക്കുകയോ ഒട്ടിച്ച് അഭംഗി വരുത്തുകയോ ചെയ്യാത്ത തരത്തിലുള്ള ക്ലാസ് റൂം പ്രദർശന സൗകര്യങ്ങൾ കുട്ടികളുടെ ഉയരം പരിഗണിച്ചുള്ള ക്ലാസ് ഷെൽഫുകൾ നിരീക്ഷണം അപഗ്രഥനം നിഗമനത്തിൽ എത്തിച്ചേരൽ എന്നീ ശേഷികളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേക പ്രവർത്തനങ്ങൾ നൽകി മറ്റുള്ളവർക്ക് ഒപ്പം എത്തിക്കുക ശാസ്ത്ര അഭിരുചി വളർത്തുന്നതിനും ശാസ്ത്ര രചനകൾ നടത്തുന്നതി നും പരിപാടികൾ സംഘടിപ്പിക്കുകയും കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുക സയൻസ് ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക ശാസ്ത്ര ദിനാചരണങ്ങൾ സംഘടിപ്പിക്കുക ശാസ്ത്ര പുസ്തകങ്ങൾ ലൈബ്രറിയിൽ പ്രത്യേകം ക്രമീകരിക്കുന്നതി നും സംവിധാനം ഒരുക്കുക

പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ സ്കൂൾ ക്യാമ്പസി നെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുക ഇതിനായി ജൈവവൈവിധ്യ ഉദ്യാനം സൃഷ്ടിക്കുകയും അവ കുട്ടികൾക്ക് പരിസ്ഥിതി പാഠശാലയും മുതിർന്നവർക്ക് ജൈവ ലൈബ്രറിയുമായി വികസിപ്പിക്കുകയും ചെയ്യുക വനത്തിന്റെ ഒരു ചെറിയ പതിപ്പ് നക്ഷത്ര വനം വികസിപ്പിച്ചെടുക്കുക വിശ്രമ പഠന മരത്തണലുകൾ ഹരിതപാതകൾ ഹരിത ഇടനാഴികൾ പച്ചപന്തലുകൾ ഓരോ കുട്ടിയുടെയും പേരിൽ ഒരു സസ്യം വിഷ രഹിത പച്ചക്കറി കൃഷി വീട്ടിലും വിദ്യാലയത്തിലും ജൈവ

കൃഷിയിടം പ്ലാസ്റ്റിക് രഹിത വിദ്യാലയം ശലഭോദ്യാനം ആധുനിക മാലിന്യ ശേഖരണ സംസ്കരണ സംവിധാനങ്ങൾ

ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക കണ്ടറിയാൻ ഒരു യാത്ര വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം കാവുകൾ സന്ദർശനം പുഴയെ അറിയാൻ യാത്രകൾ പരീക്ഷണ കളരി നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു

പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണനോത്സുകത വർധിപ്പിക്കൽ

ഇതിനായി അടൽ ടിങ്കറിംഗ് ലബോറട്ടറി സ്ഥാപിക്കണം ഇത് പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്ന ത്രീഡി പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത കാര്യങ്ങൾ കാണിച്ചുകൊടുക്കുന്നു

ഇലക്ട്രോണിക് റോബോട്ടിംഗ് സാധ്യത ഉപയോഗിച്ച് ഉപകരണം നിർമ്മാണം

വിസ്മയ യാത്ര: ICT സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കൽ

## മേഖല ഗണിതം

ലക്ഷ്യം വസ്തുക്കളെ ശാസ്ത്രീയമായി അപഗ്രഥിക്കുക, ചിന്തയെ തെളിമയുള്ളതാക്കുക, സ്വയം പഠനത്തിനും സഹ പഠനത്തിനും അവസരം നൽകുക, ഗണിത പഠനത്തിൽ ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുക, യുക്തിചിന്ത വികസിപ്പിക്കുക

പ്രവർത്തനങ്ങൾ

1.ഗണിത കളികൾ പസിലുകൾ

2.ഗണിത ലാബ്

3.ഗണിതശാസ്ത്ര ക്ലബ്

4.ഗണിത ശാസ്ത്രകാരന്മാരുടെ ജീവചരിത്രം വായിക്കുക
5.ഗണിത ക്വിസ്
6.ഗണിത ശാസ്ത്ര ക്ലാസ്
7.ഗണിതശാസ്ത്ര ആൽബം
8.ഗണിതശാസ്ത്ര സംബന്ധമായ പുസ്തകങ്ങൾ ലേഖനങ്ങൾ മാസികകൾ എന്നിവ വായിക്കുക
9.വിവിധ രൂപങ്ങളും ഉപകരണങ്ങളും നിർമ്മിക്കുക
10.ഗണിതശാസ്ത്ര സംബന്ധമായ പ്രധാന ദിനങ്ങൾ ആചരിക്കുക
11.ഗണിതശാസ്ത്രമേളയിൽ പങ്കെടുപ്പിക്കുക
12.ഗണിതശാസ്ത്രപ്രദർശനം
13.അളവ് തൂക്ക ഉപകരണങ്ങൾ നിർമ്മിക്കൽ
14.ഗണിത ലൈബ്രറി

മേഖല യുപി ഗണിതം ലക്ഷ്യം അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ ഗണിതം മധുരമാക്കൽ ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജന പ്പെടുത്തുന്നു ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു വിവിധശേഷികളുടെ വികസനം പ്രവർത്തനങ്ങൾ ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള *പ്രവർത്തനങ്ങൾ* നൽകുന്നു നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു ഒറിഗാമി ശിൽപ്പശാല ജാപ്പനീസ് കലയായ ഒരു ഗ്രാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കാൻ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ ഗണിത പാർക്ക് ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ ഗണിത ഗ്രാമം ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ മറ്റ് വിദ്യാലയങ്ങളിലും മറ്റു മേഖലകളിലും പ്രവർത്തിക്കുന്നവർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു ഐടി സാധ്യതകളിലൂടെ ജാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു കാലം ജൂൺ മാസം വർഷത്തിൽ ഒരു പ്രാവശ്യം ആവശ്യാനുസരണം ഒരു പ്രാവശ്യം വർഷത്തിൽ അഞ്ചോ ആറോ തവണ മാസത്തിൽ ഒരു പ്രാവശ്യം ചുമതല ഗണിത അധ്യാപകൻ ഗണിത

അധ്യാപകർ ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും ഗണിത ക്ലബ്ബ് ഗണിത അധ്യാപകർ ക്ലബ് ലീഡർമാർ ഗണിത അധ്യാപകൻ സാമ്പത്തിക വിശകലനം ഗണിത ക്ലബ് പിടിഎ

## മേഖല ഇംഗ്ലീഷ്

ലക്ഷ്യം

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ എഴുതാനും അർത്ഥമറിഞ്ഞ് ശരിയായ ഉച്ചാരണത്തോടെ വായിക്കാനും സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കൽ

പ്രവർത്തനങ്ങൾ

പഠനനിലവാരം കണ്ടെത്തൽ നടത്തി വിശകലനം ചെയ്തു മികവുകളും പരിമിതികളും കണ്ടെത്തുന്നു

കുട്ടികളെ പഠനശേഷിക്ക് അനുസരിച്ച് വ്യത്യസ്ത ഗ്രൂപ്പുകൾ ആക്കി തിരിച്ച് ഓരോ ഗ്രൂപ്പിനും വിഭിന്ന നിലവാരത്തിലുള്ള പഠന പ്രവർത്തനങ്ങൾ

അക്ഷരം ഉറപ്പിക്കൽ അക്ഷര കാർഡ് പദ കാർഡുകൾ അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കഥാഭാഗങ്ങൾ കണ്ടെത്തൽ

അവതരണത്തിന് വ്യത്യസ്ത തന്ത്രങ്ങൾ നാടകമാക്കൽ പാവകളി കഥാപ്രസംഗ രൂപം മുതലായവ കണ്ടെത്തൽ അവതരണം

ഒരു കഥ നൽകി ബാക്കി പറയൽ എഴുതൽ

ഐസിടി സാധ്യത പ്രയോജനപ്പെടുത്തി പല കഥകൾ കേൾക്കുന്നതിന് അവസരം നൽകൽ

ഗ്രാമർ സംബന്ധമായ പഠനഭാഗങ്ങൾക്ക് ഐസിടി സാധ്യത പ്രയോജനപ്പെടുത്തൽ

ഇംഗ്ലീഷ് അസംബ്ലി

ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ്

ഒരു ദിവസം ഒരു വ്യവഹാരം പരിപാടി എല്ലാ ക്ലാസിലും

ന്യൂസ് റീഡിങ് റെസിറ്റേഷൻ സ്പീച്ച് കൊറിയോഗ്രഫി

ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി വായന സാമഗ്രികൾ ലഘുവായന പുസ്തകം പത്രം ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തൽ പ്രവർത്തനങ്ങൾ മത്സരങ്ങൾ പതിപ്പുകൾ മാഗസിനുകൾ

യുപി കുട്ടികൾക്കായുള്ള വായന സാമഗ്രികൾ ശേഖരിക്കൽ

**കുട്ടികളിലെ ഭയം സഭാകമ്പം മാറ്റിയെടുക്കാൻ അസംബ്ലി സർഗ്ഗ വേദി എന്നിവയിൽ അവസരം നൽകൽ**
**ഇംഗ്ലീഷ് കാലദൈർഘ്യം ഹ്രസ്വം**
**ജൂൺ സെക്കൻഡ് വീക്ക് ഓൺ വേർഡ്സ്**

**ജൂൺ ജൂലൈ**

**: ജൂൺ മുതൽ**
**ജൂൺ മുതൽ**
**ജൂലൈ മുതൽ**
**: ജൂൺമുതൽ**
**ജൂൺ മുതൽ മാസത്തിൽ രണ്ട്**
**: എല്ലാ ദിവസവും**
**: മാസത്തിൽ മൂന്ന്**
**: ആറെണ്ണം**
**: ജൂൺ**
**: ജൂൺ മുതൽ മാസത്തിൽ 2**

ഭാവാത്മക വായന പരിശീലിപ്പിക്കുന്നു തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു പ്രവർത്തനങ്ങൾ

Meet the foreigner

തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്താനുള്ള അവസരം ഒരുക്കുന്നു

One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു

I too can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു ലളിതമായതിൽ നിന്നും സങ്കീർണ്ണം ആയതിലേക്ക്

Learning Ladder

പാഠഭാഗത്തിൽ നിന്നും തെരഞ്ഞെടുത്ത കുറച്ചു വാക്കുകൾ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്ന വർക്ക് പടിപടിയായി ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു

FM Corner വ്യത്യസ്തമായ കഥകൾ Readers'Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു

Reader of the month

ഇംഗ്ലീഷ് ദിനപത്രം നൽകി

Reader of the month നെ ആദരിക്കുന്നു

My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു

Alert Zone സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും ആയി പ്രദർശിപ്പിക്കുന്നു

Run baby run ക്ലാസിനെ ഗ്രൂപ്പുകൾ ആക്കുന്നു ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.

Fun time Funda കടങ്കഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു

The grand camp

ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു 5 6 7 ക്ലാസുകളിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടുവരാൻ അവസരം ഒരുക്കുന്നു

അഞ്ചാം ക്ലാസിനായി കഥപറയൽ കഥയെഴുത്ത് ആറിന് റോൾപ്ലേ ,നാടകം, പ്രച്ഛന്നവേഷം എന്നിവഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ... ക്യാമ്പിന് ഒടുവിൽ ഡോക്യുമെൻററി അല്ലെങ്കിൽ ഫിലിം ഷോ

**ക്ലാസ് രണ്ട്**

**മേഖല അക്കാദമികം ഉപമേഖല ഭാഷ**

ലക്ഷ്യം

ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖനം മികവ്

സർഗ്ഗാത്മകതയെ തട്ടി ഉണർത്തൽ

പ്രവർത്തനം

ലഘു രചനയിലേക്കു നയിക്കുന്ന രചനാ പ്രവർത്തനങ്ങൾ

രചനാ ശില്പശാല

ലഘുപതിപ്പുകൾ തയ്യാറാക്കൽ

കാലം

ഒക്ടോബർ നവംബർ

ഡിസംബർ

ജനുവരി

ചുമതല

എസ് ആർ ജി

ക്ലാസ് ടീച്ചർ

മേഖല അക്കാദമികം ഉപമേഖല പരിസര പഠനം ക്ലാസ് 2

ലക്ഷ്യം

ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്

പ്രകൃതിയെ അറിയുന്നതിന്

നാട് അറിയാൻ നാട്ടറിവുകൾ

കാലം

ജൂലൈ ഓഗസ്റ്റ്

ഒക്ടോബർ ഡിസംബർ

ജനുവരി

ചുമതല

എസ് ആർ ജി

ക്ലാസ് ടീച്ചർ

സാമ്പത്തിക വിശകലനം

എസ് ആർ ജി

എസ് എസ് എ

മേഖല അക്കാദമികം

ഉപമേഖല ഗണിതം

**ക്ലാസ് 2**

ലക്ഷ്യം

ഗണിത ചിന്താശേഷി വളർത്തൽ

പ്രവർത്തനം

ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ചോദ്യങ്ങളും പരിചയപ്പെടൽ )

ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ )

ചുമതല

എസ് ആർ ജി

ക്ലാസ് ടീച്ചർ

സാമ്പത്തിക വിശകലനം

SSA

:Area: Academic

**Sub Area:English**

**class:2**

Aim

To create many chances for speaking in English with more confidence

Activities

Friendly talks in class

English club

English assembly

Time

June March

October

January February

Task

SRG

Class teacher

Financial analysis

SRG

SSA

**പരിസര പഠനം ക്ലാസ് 2**

ലക്ഷ്യം

ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്

പ്രകൃതിയെ അറിയുന്നതിന്

നാട് അറിയാൻ നാട്ടറിവുകൾ

കാലം

ജൂലൈ ഓഗസ്റ്റ്

ഒക്ടോബർ ഡിസംബർ

ജനുവരി

ചുമതല

എസ് ആർ ജി

ക്ലാസ് ടീച്ചർ

സാമ്പത്തിക വിശകലനം

എസ് ആർ ജി

എസ് എസ് എ

**ക്ലാസ് 3 -മലയാളം**

ലക്ഷ്യങ്ങൾ

കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളത്മകമായി ചൊല്ലി അവതരിപ്പിക്കുക

രചനകൾ ഭാവാത്മകമായി വായിക്കുക

ലഘുവായ സർഗ്ഗാത്മക രചനകൾ നടത്തുക

ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കുക

മുന്നൊരുക്കങ്ങൾ

ജൂൺ -ജൂലൈ

കനകച്ചിലങ്ക

നാടൻ പാട്ടുകൾ ശേഖരണം

പഴഞ്ചൊല്ലുകൾ ശേഖരണം

കഥാ ശേഖരം ക്ലാസ് ലൈബ്രറി നവീകരണം

കലാരൂപങ്ങൾ വേഷവിധാനം ചിത്രശേഖരണം ആൽബം 🌻 പാവ നാടകത്തെ അടുത്തറിയാം ശില്പശാല

ആഗസ്റ്റ് സെപ്റ്റംബർ

പലഹാരപ്പൊതി

കുട്ടികൾ വരച്ച ചിത്രങ്ങൾ ഉള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ

ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കൽ

പലഹാരമേള പാചകക്കുറിപ്പ് തയ്യാറാക്കൽ

ശുചിത്വ പരിപാടി തയ്യാറാക്കൽ

സ്കൂൾ പത്രം

കത്തുകൾ മാതൃകകൾ

ഒക്ടോബർ

മനുഷ്യന്റെ കൈകൾ

കൃഷിയിടം സന്ദർശനം

കൃഷിപ്പാട്ടുകൾ കൃഷി ചൊല്ലുകൾ അവതരണം

കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം പതിപ്പ്

നാടൻ പാട്ട് ശില്പശാല

**ക്ലാസ് 3 ഗണിതം**

ജൂൺ ജൂലൈ

യൂണിറ്റ് ഒന്ന് രൂപങ്ങൾ വരയ്ക്കാം

ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ

ജാമിതീയ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു

ജൂലൈ ആഗസ്റ്റ്

ഓരോ കുട്ടിക്കും കണക്കുപെട്ടി ഗണിത ശില്പശാല നിർമ്മിക്കണം

ഒന്നു മുതൽ 100 വരെ എഴുതിയ ടോക്കൺ കളി നോട്ടുകൾ

ഓരോ നോട്ടുകളും 10 എണ്ണം വീതം

കമ്പ് കെട്ടുകൾ

അബാക്കസ് നിർമ്മാണം

അബാക്കസ് നിർമ്മാണം

ആഗസ്റ്റ് സെപ്റ്റംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

ഒക്ടോബർ

സ്കെയിൽ നിർമ്മാണം കുട്ടികളുടെ ഉയരം വണ്ണം തൂക്കം

ക്യാമ്പ്

നവംബർ ഡിസംബർ

ഗുണന വസ്തുത കാർഡ് നിർമ്മാണം

STD-3-2024-2025

Class 3 English-

AIM-To Speak, Read & Write English without

any mistakes

Time June to march

To check the vocabulary and writing skills of

Pupils

Activities

June and July

Pre test

To develop listening skills and reading skills.

Listening skills

Games , Action Songs.

Hello English Activities

Conversations

Skit Stories

use ICT

Speaking Skills:-

Identify the naming words from the picture

Identify the action words from the picture.

Make the Simple Sentence using the word

about picture

Make Simple description about the Picture

-Growing Sentences; picture reading, self introductions.

August and September •

Develop the Creative Speaking and writing

Reading Skills

Books reading

Find words

Collect and read Past tense

Rhyming Words

TB Activities

Writing Skills

Make word web

picture description

Word Chain

Make words & Sentencess

Make riddles, Conversations

Add more limes

October and November

To Express thoughts, feelings etc

Reading Skills

-Library book reading

* Conversations, Skit, Stories use ICT

Read notice

Develop Story

Writing Skills

Description •

Thoughts

December and January

Develop the Creative Speaking and writing

Reading Skills

* Library books reading.

* Conversations, Skit Stories. use ICT

* Develop Story

* Reads diary

Writing Skills

Dairy, Announcement

February and march

To Improve the presentation Power.

Reading Skills

Library books reading

Conversations, Skit Stories, Develop Story.

Writing Skills:

Dairy

* Thoughts

* Descriptions

Exibition.

## ക്ലാസ് 3 വിഷയം പരിസര പഠനം

**ലക്ഷ്യം** പരിസ്ഥിതി സൗഹൃദം മനോഭാവം വളർത്തിയെടുക്കുക ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക ജൂൺ ഒക്ടോബർ മാസം പ്രവർത്തനങ്ങൾ പ്രകൃതി നടത്തം ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം പ്രത്യേകതകൾ മനസ്സിലാക്കാം വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം ജീവികളുടെ പരസ്പര ആശ്രയത്വം ചർച്ച നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം സ്വയം തിരുത്ത ഫീൽഡ് ട്രിപ്പ് പ്രകൃതിക്ക്

ഭീഷണിയാകുന്ന മനുഷ്യൻറെ ചില ഇടപെടലുകൾ മനസ്സിലാക്കാം ഡോക്യുമെൻററി പ്രദർശനം ചർച്ച തെറ്റും ശരിയും ജൂൺ ടു മാർച്ച് പൂന്തോട്ടം ഒരുക്കം സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ ജൂൺ മാർച്ച് ഒരു തൈ നടാം പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ നട്ട വൃക്ഷത്തൈ പരിപാലിക്കൽ ജൂൺ പോസ്റ്റർ നിർമ്മാണം പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ പരിസരങ്ങളിൽ മാർച്ച് മെയ് ദാഹജലം പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം ലക്ഷ്യം രണ്ട് കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക ജൂൺ മാർച്ച് പ്രവർത്തനം ദിനകൃത്യങ്ങൾ ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവോ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു കുട്ടികളെ ഗ്രൂപ്പുകൾ ആക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു ജൂലൈ മാർച്ച് നമ്പർ വൺ ക്ലാസ് തലത്തിൽ ശുചിത്വ മത്സരം വ്യക്തി ശുചിത്വം ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു ജൂൺ ഡിസംബർ പരിസരം നടത്തം നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം സർവ്വേ മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ ജൂലൈ മാർച്ച് നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കാം പരിസരങ്ങളിൽ പതിക്കാം ലക്ഷ്യം മൂന്ന് ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക ജനുവരി മാർച്ച് പ്രവർത്തനം ഫീൽഡ് ട്രിപ്പ് നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു കുളം വയൽ കാട് മുതലായവ ഡിസംബർ ഫെബ്രുവരി പരീക്ഷണങ്ങൾ ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു ഡിസംബർ ഫെബ്രുവരി ശാസ്ത്രജ്ഞനോടൊപ്പം ക്യാമ്പ് മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു ജനുവരി മാർച്ച് പക്ഷി നിരീക്ഷണം ക്യാമ്പ് പക്ഷി നിരീക്ഷണത്തിന് അവസരം

**മേഖല യുപി മലയാളം**

ലക്ഷ്യം

1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും, പഠിതാക്കളെ പ്രാപ്തരാക്കുക.

2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക

3. സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ.

4. മലയാളം കമ്പ്യൂട്ടറിൽ പരിജ്ഞാനം നേടിയെടുക്കലും സർഗാത്മക ശേഷി വളർത്തലും

5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ

6. കുട്ടികളുടെ ആകാശവാണി,

എഫ് എം അവതരണ മികവ്

പ്രവർത്തനങ്ങൾ

വാർത്താ വായന

നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് സ്ഥലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു

അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്,സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു.

സംവാദം

സാഹിത്യകാരന്മാർ എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും, സംവാദങ്ങളും സംഘടിപ്പിക്കുന്നു.

ഇ -കമ്പ്യൂട്ടറിങ്

മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിൽ പരിശീലിപ്പിക്കുകയും ഈ മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു .

മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു.

രംഗാവിഷ്കാരം

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു വിദഗ്ധരായ

നാടക കലാകാരന്മാരെയും, മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു.

പഴയവിടുതി എഫ് എം

വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു.വിവിധ രംഗങ്ങളിൽ കഴിവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു.വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന് ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു.

കാലം

പ്രതിമാസം

വർഷത്തിൽ മൂന്നുപ്രാവശ്യം

വർഷത്തിൽ രണ്ടു പ്രാവശ്യം

രണ്ടുവർഷം

വർഷാവസാനം

അക്കാദമിക് വർഷം

തുടക്കത്തിൽ ആഴ്ചയിൽ ഒന്ന് പിന്നീട് എല്ലാ ദിവസവും

ചുമതല

മലയാളം അധ്യാപകർ

മലയാളം ക്ലബ്ബ്

ഹെഡ്മാസ്റ്റർ

മലയാളം ഐടി അധ്യാപകർ

സ്കൂൾ പിടിഎ

ക്ലാസ് ലീഡർമാർ സ്കൂൾ ലീഡർ മലയാളം അധ്യാപകർ

സാമ്പത്തിക വിശകലനം

മലയാളം ക്ലബ്ബ്

പിടിഎ

വിവിധ ക്ലബ്ബുകൾ പിടിഎ

**മേഖല യുപി സാമൂഹ്യശാസ്ത്രം**

ലക്ഷ്യം

1.സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ,ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ.

2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവർ ആക്കി മാറ്റിയെടുക്കുക.

3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക

4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു

5. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു

6. വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു

7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു

8. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു.

.പ്രവർത്തനങ്ങൾ

അംഗത്തട്ട് കളിയിൽനിന്ന് കാര്യത്തിലേക്ക്

സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികൾ ഓരോ പഠിതാവിലും നൽകുന്നു.

ഓർമ്മച്ചെപ്പ്

അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ,ഭൂപ്രകൃതി തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു.

Virtual Field Trip

ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു.

വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്

ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു

പ്രകൃതി താണ്ഡവം നേർക്കാഴ്ച

ഭൂകമ്പം, സുനാമി കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു.

നന്മയുടെ നുറുങ്ങുവെട്ടം

പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ,ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമാകുന്നു.

ചിലന്തി വലയിൽ നിന്ന് കുതിച്ചുചാട്ടം

സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും, ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ,സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

കാടെവിടെ മക്കളെ ( ഫീൽഡ് ട്രിപ്പ് സർവ്വേ )

പരിസ്ഥിതി തകർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ,കണ്ടൽക്കാടുകൾ,തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു.

പുതുചക്രവാളത്തിലേക്ക്

സിവിൽ സർവീസ് പരീക്ഷ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ,പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു.

കാലം

അക്കാദമിക വർഷാരംഭം ( ജൂൺ)

അക്കാദമിക വർഷാരംഭം ജൂൺ

അക്കാദമിക വർഷം

ചുമതല

സാമൂഹ്യശാസ്ത്ര അധ്യാപകൻ

സാമ്പത്തിക വിശകലനം

പിടിഎ)

സാമൂഹ്യശാസ്ത്ര ക്ലബ്

മേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | മോണിട്ടറിംഗ് |
|---|---|---|---|---|
| വസ്തുക്കളെ ശാസ്ത്രീയമായി അപഗ്രഥിക്കുക ചിന്തയെ തെളിമയുള്ളതാക്കുക | 1.ഗണിത കളികൾ പസിലുകൾ | **June - March** | **Teacher** | |
| സ്വയം പഠനത്തിനും സഹ പഠനത്തിനും അവസരം നൽകുക | 2.ഗണിത ലാബ്<br>3.ഗണിതശാസ്ത്ര ക്ലബ്<br>4.ഗണിത ശാസ്ത്രകാരന്മാരുടെ ജീവചരിത്രം വായിക്കുക<br>5.ഗണിത ക്വിസ് | **June - March** | **Teacher** | |
| ഗണിത പഠനത്തിൽഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുക | 6.ഗണിത ശാസ്ത്ര ക്ലാസ്<br>7.ഗണിതശാസ്ത്ര ആൽബം | **June - March** | **Teacher** | |
| യുക്തിചിന്ത വികസിപ്പിക്കുക | 8.ഗണിതശാസ്ത്ര സംബന്ധമായ പുസ്തകങ്ങൾ ലേഖനങ്ങൾ മാസികകൾ എന്നിവ വായിക്കുക<br>9.വിവിധ രൂപങ്ങളും ഉപകരണങ്ങളും നിർമ്മിക്കുക<br>10.ഗണിതശാസ്ത്ര സംബന്ധമായ പ്രധാന ദിനങ്ങൾ ആചരിക്കുക | **October-November** | **Teacher** | |
| | 11.ഗണിതശാസ്ത്രമേളയിൽ പങ്കെടുപ്പിക്കുക<br>12.ഗണിതശാസ്ത്രപ്രദർശനം | | | |

| | | | | |
|---|---|---|---|---|
